# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 19 ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 246)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| സഹകരണ വകുപ്പുമന്ത്രി | : 4188 മുതൽ 4232 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : 4233 മുതൽ 4269 വരെ |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി | :4270 മുതൽ 4357 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 4358 മുതൽ 4433 വരെ |

## അന്തർസംസ്ഥാന സഹകരണ സംഘങ്ങൾ

4188 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തനമുള്ള സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സംഘങ്ങളിൽ മറ്റ് സംസ്ഥാനത്തിലുള്ളവർ അംഗങ്ങളായിട്ടുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പുതിയ സഹകരണ സംഘങ്ങളുടെ രൂപീകരണം</u>

4189 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ നിയമ ഭേദഗതി</u>

4190 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സഹകരണ സംഘങ്ങൾ പിരിച്ചു വിട്ടിട്ടുണ്ട് ;

(ബി) നിലവിലുള്ള സഹകരണ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ രംഗത്ത് കേന്ദ്രസർക്കാർ നിയമനിർമ്മാണം</u>

4191 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, റ്റി. വി. രാജേഷ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിനു കീഴിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാർ നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അപ്രകാരം നിയമനിർമ്മാണം നടപ്പിലായാൽ സംസ്ഥാനത്ത് സഹകരണ ബാങ്കിംഗ് സംവിധാനത്തെ അത് എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമനിർമ്മാണം മൂലം നമ്മുടെ സഹകരണ ബാങ്കിംഗ് സംവിധാനത്തിന് യാതൊരു കോട്ടവും സംഭവിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാർഷിക വികസന ബാങ്കുകളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ നടപടി</u>

4192 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുടെ രജിസ്ട്രേഷൻ റദ്ദാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കാർ നിയമങ്ങൾ മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യുന്നത് ക്രമപ്രകാരമാണോ;

(സി) കേന്ദ്രബാങ്കിൽ അംഗത്വം ലഭിക്കുകയും നബാർഡ് പുനർവായ്പകൾ അനുവദിക്കുകയും ചെയ്തിട്ടുള്ള ഏതെല്ലാം കാർഷിക വികസന ബാങ്കുകളുടെ രജിസ്ട്രേഷനാണ് റദ്ദാക്കിയിട്ടുള്ളത്;

(ഡി) കേന്ദ്ര ബാങ്കിൽ അംഗത്വം നൽകി വായ്പ വിതരണം ചെയ്ത എത്ര കാർഷിക വികസന ബാങ്കുകളുടെ രജിസ്ട്രേഷനാണ് റദ്ദാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഇ) എല്ലാ താലൂക്കുകളിലും കാർഷിക വികസന ബാങ്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) കാർഷിക വികസന ബാങ്ക് നിലവിലില്ലാത്ത താലൂക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത താലൂക്കുകളിൽ കാർഷിക വികസന ബാങ്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ നടപടി</u>

4193 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെയും വായ്പാ സഹകരണ സംഘങ്ങളുടെയും നിഷ്ക്രിയ ആസ്തി എത്രയാണ്;

(ബി) പ്രസ്തുത ആസ്തിയിലെ വർദ്ധനവ് കാരണം നബാർഡിന്റെ വായ്പയിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ആസ്തി കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

സഹകരണ ബാങ്കുകളിലെ നിക്ഷേപം

4194 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 31.3.06, 31.3.11 എന്നീ തീയതികളിൽ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) കുടിശ്ശിക നിവാരണ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) നവംബർ-മാർച്ച് മാസങ്ങളിലെ നിക്ഷേപ സമാഹരണം നിർത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) സഹകരണ ബാങ്കുകളിൽ നിക്ഷേപം ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ</u>

4195 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾ വഴിയുള്ള ഭവന വായ്പ</u>

4196 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി ഭവന നിർമ്മാണ വായ്പ അനുവദിക്കാറുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് ;

(സി) ഷെഡ്യൂൾഡ് ബാങ്ക് നിരക്കിനേക്കാൾ ഉയർന്ന പലിശനിരക്ക് സഹകരണ ബാങ്കുകൾ ഈടാക്കുന്നുണ്ടോ ;

(ഡി) കുറഞ്ഞ പലിശനിരക്കിൽ ഭവന വായ്പ നല്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാർഷിക - വിദ്യാഭ്യാസ വായ്പ ഉദാരമാക്കാൻ</u>

4197 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക-വിദ്യാഭ്യാസ വായ്പകൾ നൽകുന്നതിൽ സഹകരണ ബാങ്കുകൾ വിമുഖത കാണിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പലിശ നിരക്കിൽ കേന്ദ്രം അനുവദിക്കുന്ന സബ്സിഡി സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന കാര്യം ഉറപ്പുവരുത്തുമോ;

(സി) കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ സഹകരണ മേഖലയിലെ കാർഷിക വായ്പകൾക്കും ലഭ്യമാകുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുമോ;

(ഡി) ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹകരണ മേഖല വിമുഖത കാണിക്കുന്നതാണ് സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്ന അനധികൃത പണം ഇടപാടു സ്ഥാപനങ്ങൾ വർദ്ധിച്ചുവരുവാൻ കാരണമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതു പരിശോധിക്കുമോ; അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാർഷിക വികസന ബാങ്കുകൾ വഴിയുള്ള ദീർഘകാല വായ്പകൾ</u>

4198 ശ്രീ. ഇ.പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക വികസന ബാങ്ക് ഈ വർഷം കൃഷിക്കാർക്ക് എന്തു തുക വായ്പയായി നൽകാൻ ഉദ്ദേശിക്കുന്നു;

(ബി) അതിനുള്ള പണം ലഭിക്കുന്നതെവിടെ നിന്നാണ് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രാഥമിക കാർഷിക വികസന ബാങ്കുകളും സംസ്ഥാന കാർഷിക വികസന ബാങ്കും കൃഷിക്കാർക്ക് നൽകിവരുന്ന ദീർഘകാല വായ്പകൾക്കായി നബാർഡ് നൽകുന്ന പുനർവായ്പാ തുകയല്ലാതെ മറ്റേതെല്ലാം നിലയിൽ തുക സമാഹരിച്ച് നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാർഷിക വായ്പ</u>

4199 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴിയുള്ള കാർഷിക വായ്പാ വിതരണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക വായ്പ നൽകുന്നതിന് എത്ര ശതമാനം പലിശയാണ് നബാർഡ് ഈടാക്കി വരുന്നത്; പ്രസ്തുത തുക സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് വായ്പയായി നൽകുമ്പോൾ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) നബാർഡിന്റെ കുടിശ്ശിക തീർക്കുന്നതിന് ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ;

(ഡി) കാർഷിക വായ്പ കർഷകന് യഥാസമയം നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപവും കിട്ടാക്കടങ്ങളും</u>

4200 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ നിക്ഷേപം, ഇതുവരെയുള്ള നഷ്ടം, കിട്ടാക്കടമായി അവശേഷിക്കുന്ന തുക എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ബാങ്കിന്റെ നഷ്ടം എത്ര കോടി രൂപയായിരുന്നു; കഴിഞ്ഞ മേയിൽ ബാങ്കിന്റെ പ്രതിദിന നഷ്ടം എത്രയായിരുന്നു;

(സി) കിട്ടാക്കടമായി അവശേഷിക്കുന്ന തുകയിൽഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ നിയന്ത്രണത്തിലുള്ള സൊസൈറ്റി നൽകാനുള്ള തുക ഉൾപ്പെടുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) കിട്ടാക്കടങ്ങൾ പിരിച്ചെടുത്ത് ബാങ്കിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഭവനശ്രീ വായ്പ എഴുതിത്തള്ളുന്നതിനു നടപടി</u>

T4201 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭവനശ്രീ പദ്ധതിയുടെ ഭാഗമായി ദേശസാൽകൃത ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള ഭവനവായ്പ എഴുതിത്തള്ളിയിട്ടുള്ള സാഹചര്യത്തിൽ സഹകരണ ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള ഭവനശ്രീ വായ്പകൾ കൂടി എഴുതിത്തള്ളുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിക്ക് ലഭിച്ച സഹായം</u>

4202 ശ്രീ.ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കൽപ്പറ്റ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക സംബന്ധിച്ച് എ. ജി. യുടെ ആഡിറ്റ് വിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകൾ കാർഷിക/കാർഷികേതര വായ്പ</u>

4203 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വിതരണം ചെയ്ത കാർഷിക/കാർഷികേതര വായ്പാ ശതമാനം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളിലെ ധനവിനിയോഗ നിരീക്ഷണ സംവിധാനം</u>

4204 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ധനവിനിയോഗം നിരീക്ഷിക്കുവാൻ ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്കുകൾ വഴി കൂടുതൽ കാർഷിക ലോണുകളും വ്യാവസായിക വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന് നൽകുന്ന ഗ്രാന്റ്</u>

4205 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന് സംസ്ഥാന ഗവൺമെന്റ് ഗ്രാന്റ് നൽകുന്നുണ്ടോ;പ്രതിവർഷം എത്ര രൂപയാണ് ഈ ഇനത്തിൽ നൽകുന്നത് ;

(ബി) കഴിഞ്ഞ 5 വർഷം ഈ ഇനത്തിൽ ലഭിച്ച തുക ഏതൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

സഹകരണ സംഘങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം

4206 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം എൻ.സി.ഡി.സി ധനസഹായത്തിനായി ഏതെല്ലാം സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിരുന്നു ;

(ബി) അതിൽ ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്നും എത്ര രൂപയാണ് ഓരോ സംഘങ്ങൾക്കും നൽകിയിട്ടുള്ളത് എന്നും വിശദമാക്കാമോ;

(സി) അപേക്ഷ നൽകിയിട്ടും ധനസഹായം ലഭ്യമാക്കത്ത സംഘങ്ങൾ ഏതെല്ലാമെന്നും ധനസഹായം നൽകാതിരിക്കാൻ എന്താണ് കാരണമെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>എൻ. സി. ഡി. സി. യിൽ നിന്നുള്ള ധനസഹായം</u>

4207 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എൻ. സി. ഡി. സി. യിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച ധനസഹായത്തിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ</u>

4208 ശ്രീ. ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ. വാഹീദ്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസനത്തിന് സഹകരണ മേഖലയിൽ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക വായ്പകൾക്കു പുറമെ വിത്തും വളവും എത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ആദ്യ ഘട്ടത്തിൽ എത്ര സെന്ററുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ പ്രവർത്തന രീതി എപ്രകാരമായിരിക്കും ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ യൂണിയനു കീഴിലുള്ള</u>
<u>സ്ഥാപനങ്ങൾ/ കോഴ്സുകൾ</u>

4209 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സഹകരണ യൂണിയൻ ഏതെല്ലാം സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് നടത്തുന്നത്; പ്രസ്തുത സ്ഥാപനങ്ങളിൽ എന്തെല്ലാം കോഴ്സുകളാണ് നടത്തുന്നതെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ യൂണിയന് ലഭിച്ച വിദ്യാഭ്യാസ ഫണ്ട്</u>

4210 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന് കഴിഞ്ഞ 5 വർഷമായി സഹകരണ വിദ്യാഭ്യാസ ഫണ്ട് ഇനത്തിൽ പ്രതിവർഷം ലഭിച്ച തുക എത്ര; ഇത് ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്;
അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിന്ന് ഏതെല്ലാം ഇനത്തിലായി എന്ത് തുക ചെലവഴിച്ചു; വിശദാംശം നൽകുമോ;

(സി) സംസ്ഥാന സഹകരണ യൂണിയൻ, കെ.ഐ.സി.എം.എ. തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ഇനത്തിൽ പ്രതിവർഷം ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റിലെ പുനർനിയമനം

4211 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് സഹകരണ യൂണിയനിൽ നിന്ന് വിരമിച്ച എത്ര പേർക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റിൽ പുനർനിയമനം നൽകിയിട്ടുണ്ട് ;

(ബി) പ്രതിമാസം അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കുന്ന വകയിൽ ഗവൺമെന്റിന് എത്ര തുകയാണ് അധിക ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) അവർക്ക് പുനർനിയമനം നല്കിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) സ്റ്റേറ്റ് സഹകരണയൂണിയനിലെ മുൻസർക്കാരിന്റെ കാലത്ത് വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച വിശദാംശം നല്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണസ്ഥാപനങ്ങളിലെ ഒഴിവുകൾ</u>

4212 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണസ്ഥാപനങ്ങളിൽ ഒരു വരഷം ശരാശരി എത്ര ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ഉണ്ടാകുന്നുണ്ട് ;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അനുവർത്തിച്ചുവരുന്ന മാനദണ്ഡം എന്താണ് ;

(സി) ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സിക്ക് വിട്ടിട്ടുള്ളത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പ്രവർത്തനം</u>

4213 ശ്രീ. എ. കെ. ബാലൻ
,, കെ. രാധാകൃഷ്ണൻ
,, ആർ. രാജേഷ്
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) ബോർഡ് രൂപീകരിക്കുന്നതു സംബന്ധിച്ച ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബോർഡിൽ ചെയർമാനെ നിയമിച്ചിട്ടുണ്ടോ; അദ്ദേഹത്തിന്റെ യോഗ്യത വിശദമാക്കുമോ;

(ഡി) ചെയർമാന്റെ യോഗ്യതകൾ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ എന്തായിരുന്നു; അതിപ്പോൾ ലഘൂകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലാ സഹകരണ ബാങ്കില്‍ അനധികൃത നിയമനം</u>

4214 ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്കില്‍ ക്ലാര്‍ക്ക് / കാഷ്യര്‍, പ്യൂണ്‍ തസ്തികയില്‍ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനില്‍ക്കേ ഡേറ്റാ എന്‍ട്രി ഓപ്പറേറ്റര്‍മാരായും ലോണ്‍ കളക്ഷന്‍ ഏജന്റുമാരായും കരാറടിസ്ഥാനത്തില്‍ 80 ഓളം പേര്‍ ജോലി ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ പിരിച്ചുവിടുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റില്‍ നിന്നും നിയമനം നടത്തുവാന്‍ വേണ്ട നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>ജെ.ഡി.സി. സായാഹ്ന പരിശീലന കോഴ്സ്</u>

4215 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് നൽകിവരുന്ന ജെ.ഡി.സി സായാഹ്ന പരിശീലന കോഴ്സ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ ആശുപത്രികൾ</u>

4216 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനുകീഴിൽ എത്ര ജില്ലാ സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഏതെങ്കിലും ജില്ലയിൽ സഹകരണ മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കൊച്ചി സഹകരണ മെഡിക്കൽ കോളേജ്</u>

4217 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001-2006, 2006-2011 കാലഘട്ടത്തിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ഒ. പി., ഐ. പി. വിഭാഗങ്ങളിൽ ചികിത്സ തേടിയ രോഗികളെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കാലഘട്ടത്തിലും അതിൽ നിന്ന് ലഭിച്ച വരുമാനം എത്ര എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

**പുതിയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ**

4218 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പുതുതായി മെഡിക്കൽ - എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കേപ്പിനു കീഴിൽ പുതിയ മെഡിക്കൽ/ എഞ്ചിനീയറിംഗ് കോളേജുകൾ</u>

4219 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേപ്പിന്റെ കീഴിൽ കൂടുതൽ എൻജിനീയറിംഗ്/മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിൽ പുതിയ എൻജിനിയറിംഗ് കോളേജുകൾ</u>

4220 ശ്രീ. ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പുതിയ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) കേപ്പിന്റെ കീഴിൽ നിലവിലുള്ള എൻജിനീയറിംഗ് കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് പുതുതായി അനുവദിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നീതി സ്റ്റോറുകളിലെ ജീവനക്കാര്‍</u>

4221 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട് ; അതില്‍ ആകെ എത്ര ജീവനക്കാരുണ്ട് ; സ്ഥിരം ജീവനക്കാരും താല്ക്കാലിക ജീവനക്കാരും എത്രവീതമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(സി) പ്രസ്തുത ജീവനക്കാര്‍ക്ക് വേതനം നല്‍കുന്നതിന് പ്രതിമാസം എന്ത് തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) നീതി സ്റ്റോറുകളുടെ ലാഭ നഷ്ട കണക്കുകള്‍ തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

**കണ്‍സ്യൂമര്‍ഫെഡിന്റെ നിയന്ത്രണത്തില്‍ മിനി സ്കൂള്‍ മാര്‍ക്കറ്റുകള്‍**

4222 ശ്രീ. എം.എ. വാഹീദ്
'' ഹൈബി ഈഡന്‍
'' പാലോട് രവി
'' ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കണ്‍സ്യൂമര്‍ഫെഡിന്റെ നിയന്ത്രണത്തില്‍ മിനി സ്കൂള്‍ മാര്‍ക്കറ്റുകള്‍ തുടങ്ങാന്‍ ഗവണ്‍മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കില്‍ ഇതിനുള്ള സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ആരാണ് നല്‍കുന്നത് ;

(സി) ഇതിനായി കേന്ദ്ര സഹായം ലഭിക്കുമോ ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>ഒഴുകുന്ന ത്രിവേണി സ്റ്റോർ</u>

4223 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒഴുകുന്ന 'ത്രിവേണി' സ്റ്റോർ പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത് തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്ന് സഹായമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡ്സ്റ്റ് സൂപ്പർമാർക്കറ്റുകൾ</u>

4224 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ്സിന്റെ കീഴിൽ സൂപ്പർമാർക്കറ്റുകൾ തുടങ്ങാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ബി) ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) എത്ര കോടി രൂപയുടെ കേന്ദ്രസഹായമാണ് പ്രതീക്ഷിക്കുന്നത്;

(ഡി) അതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ

4225 ശ്രീ. ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ അസംബ്ലി മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ തുടങ്ങാനുള്ള നിർദ്ദേശം കൺസ്യൂമർഫെഡ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ആദ്യഘട്ടമായി ഏതൊക്കെ മണ്ഡലത്തിലാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ സഞ്ചരിക്കുന്ന സൂപ്പർ മാർക്കറ്റ്</u>

4226 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കൺസ്യൂമർ ഫെഡിന്റെ കീഴിൽ സഞ്ചരിക്കുന്ന സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ</u>

4227 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

'നന്മ' പദ്ധതി

4228 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നന്മ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില്പന നടത്തുന്നതിന് കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടിയെടുക്കുമോ ;

(സി) കൺസ്യൂമർ സെന്ററുകളും ഉത്സവകാല ചന്തകളും വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഖാദി മേഖലയെ ശക്തിപ്പെടുത്താൻ നടപടി

4229 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഒരു വിദഗ്ധ സമിതിയ്ക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഖാദി മേഖലയുടെ വികസനം</u>

4230

ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, പി. എ. മാധവൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് അടുത്ത ഒരു വർഷത്തേയ്ക്ക് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ നവീകരിക്കാൻ നടപടിയെടുക്കുമോ;

(സി) ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള ചർക്കകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഖാദി ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണികൾ കണ്ടെത്തുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വയലാർ ഖാദി സ്പിന്നിംഗ് & വീവിംഗ് സെന്ററിലെ തൊഴിലാളി പ്രശ്നങ്ങൾ</u>

4231 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല വയലാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഖാദി സ്പിന്നിംഗ് ആന്റ് വീവിംഗ് സെന്ററിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നു വ്യക്തമാക്കുമോ;

(ബി) അവിടത്തെ തൊഴിലാളികളുടെ ജോലിഭാരം വളരെ കൂടുതലും വേതനം തുച്ഛവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 23 വർഷമായി ഖാദി രംഗത്ത് തുടരുന്ന പ്രസ്തുത തൊഴിലാളികൾക്ക് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനമെങ്കിലും നല്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഖാദി തൊഴിലാളികൾക്ക് വേതനത്തിനു പുറമേ സർക്കാർ നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഖാദിഉത്പാദന മേഖലയിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ യന്ത്രവൽകൃത തറികൾ ഉണ്ടോ ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത സെന്ററിൽ യന്ത്രവൽകൃത തറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഖാദി നൂൽ കിഴിയാക്കുന്നതിന് എത്ര രൂപ വച്ചാണ് കൂലി നിശ്ചയിച്ചിരിക്കുന്നതെന്നും ഒരു തൊഴിലാളി പ്രതിദിനം ശരാശരി എത്ര കിഴികൾ ഉണ്ടാക്കുമെന്നും വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

(എച്ച്) കിഴിയുണ്ടാക്കുന്നതിന് സെമി ആട്ടോമാറ്റിക് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനു നിലവിലുളള തടസ്സം എന്താണ് എന്നു വ്യക്തമാക്കാമോ;

(ഐ) ഖാദി സെന്ററുകളിലെ തൊഴിലാളികൾക്ക് മെഡിക്കൽ ആനുകൂല്യം നൽകുന്നുണ്ടോ; ഇവരുടെ ആരോഗ്യ പരിരക്ഷക്കായി മെഡിക്കൽ ആനുകൂല്യ തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ജെ) പ്രസ്തുത തൊഴിലാളികളുടെ കുട്ടികൾക്കുളള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നുണ്ടോ എന്നു വ്യക്തമാക്കാമോ;

(കെ) ഖാദി തൊഴിലാളികൾക്കുളള മിനിമം വേതനം നിലവിൽ എത്രയാണെന്നും അവർക്ക് നൽകുന്ന ഡി.എ. എത്ര രൂപയാണെന്നും വ്യക്തമാക്കാമോ; വർദ്ധിപ്പിച്ച നിരക്കിലുളള വേതനവും കുടിശ്ശികയും ഏതുമാസം വരെ അവർക്കു നൽകിയെന്നു വെളിപ്പെടുത്താമോ;

(എൽ) ഖാദിയുടെ വിപുലമായ പ്രചാരണത്തിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഉന്നമനത്തിനും വേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊളളുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പേരാമ്പ്ര ഖാദി യൂണിറ്റിലെ വികസന പ്രവര്‍ത്തനങ്ങള്‍</u>

4232 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊടകര പഞ്ചായത്തിലെ പേരാമ്പ്ര ഖാദി യൂണിറ്റില്‍ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒഴിഞ്ഞുകിടക്കുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് നെയ്ത്ത് ഉള്‍പ്പെടെയുള്ള വികസന പ്രവര്‍ത്തനങ്ങള്‍ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ;

(സി) നിലവിലുള്ള യൂണിറ്റ് യന്ത്രവല്‍ക്കരിക്കുന്നതിനും ഷീറ്റുമേഞ്ഞ കെട്ടിടത്തിന് സീലിംഗും കൂടുതല്‍ ഫാനുകളും അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?